# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഫെബ്രുവരി 26**

**February 26**

**2019**

*1193 കുംഭം 14* **ചൊവ്വ**

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## പെരിയ ഇരട്ട കൊലപതകത്തെ സർവ്വകക്ഷി സമാധാനയോഗം ശക്തമായി അപലപിച്ചു

ഈ മാസം 17ന് പെരിയ കല്ല്യോട്ടുണ്ടായ ഇരട്ട കൊലപാതകത്തെ കാസർകോട് കളക്ടറേറ്റിൽ റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി സമാധാന യോഗം ശക്തമായി അപലപിച്ചു. ദാരുണമായ കൊലപാതകത്തിൽ എല്ലാ പ്രസ്ഥാനങ്ങളും ജനങ്ങളും പ്രതിഷേധിച്ചിരുന്നതാണ്. നീചമായ കൊലപാതകങ്ങളേയും അക്രമങ്ങളേയും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല.കല്ല്യോട്ട് കൊലപാതകത്തെ തുടർന്ന് വീടുകൾക്കും കടകൾക്കും നേരെയുണ്ടായ അക്രമങ്ങളും തീവെപ്പും പ്രതിഷേധാർഹമാണ്. ജില്ലയിൽ നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കാനുള്ള നീക്കങ്ങളെ കരുതിയിരിക്കണം. ജില്ലയിലെ മുഴുവൻ പ്രസ്ഥാനങ്ങളും ജനങ്ങളും സമാധാനം നിലനിർത്താൻ രംഗത്തിറങ്ങണമെന്ന് യോഗം അംഗീകരിച്ച പ്രമേയത്തിൽ അഭ്യർത്ഥിച്ചു. കൊലപാതകത്തിന്റെ അന്വേഷണം സംബന്ധിച്ച് യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സർക്കാറിനെ അറിയിക്കുമെന്ന് മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. കളക്ടറേറ്റ് മിനി

കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ പി.കരുണാകരൻ എം.പി, എം.എൽ.എ മാരായ എൻ.നെല്ലിക്കുന്ന്, കെ.കുഞ്ഞിരാമൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ.ജി. സി.ബഷീർ, ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു, ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ്, സബ് കളക്ടർ അരുൺ.കെ.വിജയൻ, കാസർകോട് ആർ.ഡി.ഒ അബ്ദുസമദ്.പി.എ, എ.ഡി.എം എൻ.ദേവിദാസ്,ഡി വൈ എസ് പിമാരായ എം അസിനാർ,ടി എൻ സജീവ്, ബേക്കൽ സി ഐ ജി കെ വിശ്വംഭരൻ, ഹോസ്ദുർഗ്ഗ് തഹസിൽദാർ എൻ.ശശിധരൻ പിള്ള, കാസറഗോഡ് തഹസിൽദാർ കെ.എച്ച്.മുഹമ്മദ് നവാസ്, വെള്ളരിക്കുണ്ട് തഹസിൽദാർ പി.കുഞ്ഞിക്കണ്ണൻ, , വിവിധ രാഷ്ട്രീയ കക്ഷിപ്രതിനിധികളായ എം.വി.ബാലകൃഷ്ണൻ മാസ്റ്റർ,അഡ്വ സി.എച്ച്.കുഞ്ഞമ്പു, മുൻ എം എൽ എ കെ.പി.കുഞ്ഞിക്കണ്ണൻ, അഡ്വ.എ.ഗോവിന്ദൻ നായർ, എം.സി.ഖമറുദ്ദീൻ, എ.അബ്ദുറഹിമാൻ ,ഗോവിന്ദൻ പള്ളിക്കാപ്പിൽ, ഹരീഷ് ബി നമ്പ്യാർ, കൈപ്രത്ത് കൃഷ്ണൻ നമ്പ്യാർ,എം അനന്തൻ നമ്പ്യാർ അബ്രഹാം തോണക്കര, , കുര്യാക്കോസ് പ്ലാപ്പറമ്പിൽ, പി.കെ.അബ്ദുൾ റഹിമാൻ മാസ്റ്റർ, ബേബി പന്തല്ലൂർ, വി.കെ.രമേശൻ, യുധിഷ്ഠിരൻ.കെ.വി, ദാമോദരൻ ബെള്ളിഗെ, എ.കുഞ്ഞിരാമൻ നായർ, സി.ഇ.മുഹമ്മദ് മുള്ളേരിയ, അഡ്വ.കെ.ശ്രീകാന്ത്, സുരേഷ് കുമാർ ഷെട്ടി, അഡ്വ.ബഷീർ ആലടി, പി.കെ.അബ്ദുള്ള, സി.എ.യൂസഫ്, ഖാദർ അറഫ, ബി.കെ.മുഹമ്മദ്ഷാ, ഭരതൻ പിലിക്കോട് ,അഡ്വ കെഎം ഹസൈനാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ അടിക്കുറിപ്പ്

കാസർകോട് കളക്ടറേറ്റിൽ റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി സമാധാന യോഗത്തിൽ നിന്ന്

## ജില്ലാ ഇൻഫർമേഷൻ ഓഫീസ് മന്ദിരം ശിലാസ്ഥാപനം മന്ത്രി ഇ ചന്ദ്രശേഖരൻ നിർവഹിച്ചു

സംസ്ഥാന സർക്കാർ അധികാരമേറ്റ് ആയിരം ദിനം പൂർത്തിയാക്കുമ്പോഴേക്കും സാമൂഹിക,വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക മേഖലകൾ തുടങ്ങി സമസ്തമേഖലകളിലും ബൃഹത്തായ വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് റവന്യൂ- ഭവന നിർമാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ഓഫീസ് മന്ദിരത്തിന്റ ശിലാസ്ഥാപനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷനിൽ നിർമിക്കുന്ന

ഇൻഡോർ സ്റ്റേഡിയത്തിന്റെ ശിലാസ്ഥാപനം, കരിയർ ഗൈഡൻസ് സെന്റർ, കന്നഡ വിവർത്തന സെൽ ് എന്നിവയുടെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവ ഹിച്ചു.സർക്കാർ നടപ്പിലാക്കുന്ന പരിപാടികൾ എല്ലാം തത്സമയം ജനങ്ങളിലേക്ക് എത്തിക്കുന്നത് ഇൻഫർമേഷൻ വകുപ്പ് മുഖേനയാണ് കൂടാതെ സർക്കാറിനും ജന ങ്ങൾക്കും ഇടയിലുള്ള മധ്യവർത്തിയായാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ഇൻഫർമേഷൻ ഈ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായും വസ്തുനിഷ്ഠമായും നിറവേറ്റുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. റവന്യൂ വകുപ്പ് അനുവദിച്ച പത്തു സെന്റ് സ്ഥലത്താണ് 1.76 കോടി രൂപ ചിലവിൽ ജില്ലാ ഇൻഫർമേ ഷൻ ഓഫീസിന്റെ പുതിയ കെട്ടിടം നിർമിക്കുന്നത്.

ആയിരം കോടി രൂപയാണ് വിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമായി ഈ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. യുവതയ്ക്കായി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ഏറെ മുൻഗണന നൽകി. 18,896 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലെ ഒഴിവുകൾ നികത്താനും ഈ സർക്കാർ ശ്രമിച്ചു. വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആവശ്യമായ ഫണ്ടില്ലെന്നത് കാലാകാലങ്ങളായി പറയുന്നതാണ് .എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള സമ്പ്രദായങ്ങളിൽ മാറ്റം വന്നു. വർഷങ്ങൾ കാത്തിരിക്കേണ്ടവരുന്ന പല പദ്ധതികളും വികസന പ്രവർത്തനങ്ങളും ഇപ്പോൾ തന്നെ നടപ്പാക്കാൻ ഇതിലൂടെ സാധിക്കുന്നു. നിലവിൽ ആയിരം ദിനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികളാണ് സംസ്ഥാനത്ത് നടന്നു വരുന്നത്. മൂന്നു വർഷം പൂർത്തീകരിക്കുമ്പോഴേക്കും ഒട്ടനവധി പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

ചടങ്ങിൽ പി കരുണാകരൻ എം.പി അധ്യക്ഷനായി. കെ കുഞ്ഞിരാമൻ എം എൽ എ സംസാരിച്ചു. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ പി.എസ് രാജശേഖരൻ പദ്ധതി വിശദീകരണം നടത്തി.പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സി രാജേഷ് ചന്ദ്രൻ ടെക് നിക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. എ ഡി എം എൻ. ദേവീദാസ്, ഐ ആൻഡ് പി ആർ ഡി ഡെപ്യൂട്ടി ഡയറക്ടർ കെ.പി അബ്ദുൾ ഖാദർ,ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഹബീബ് റഹ്മാൻ , സ്പോർട്സ് കൗൺസിൽ സ്റ്റേറ്റ് എക്സി ക്യൂട്ടീവ് അംഗം ബാലൻ മാണിയാട്ട്,എച്ച് എ എൽ എ ജി എം സി എ റാവു, പ്രസ് ക്ലബ് പ്രസിഡന്റ് ടി എ ഷാഫി , അഡ്വ ഗോവിന്ദൻ പള്ളിക്കാപ്പിൽ, കൈപ്രത്ത് കൃഷ്ണൻ നമ്പ്യാർ, കെ വി യുധിഷ്ഠിരൻ, മാട്ടുമ്മൽ ഹസ്സൻ, തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം മധുസൂദനൻ നന്ദിയും പറഞ്ഞു.

## ഫോട്ടോ അടിക്കുറിപ്പ്-

ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ശിലാസ്ഥാപനം റവന്യൂ - ഭവന നിർമാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ നിർവഹിക്കുന്നു.

ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ശിലാസ്ഥാപനം നിർവഹിച്ച് റവന്യൂ - ഭവന നിർമാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ സംസാരിക്കുന്നു.

## വരൾച്ചാ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു:

## ഉന്നതതല യോഗം ചേർന്നു

വരൾച്ച രൂക്ഷമാകുവെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉന്നതതല യോഗം ചേർന്നു. വേനലിന് മുമ്പ് തന്നെ കഠിനമാവുന്ന വരൾച്ചയും ജലക്ഷാമവും നേരിടാൻ സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നതെന്നും പദ്ധതികൾ വിജയകരമാക്കാൻ പൊതുസമൂഹത്തിന്റെ കൂടി പിന്തുണവേണമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. വരൾച്ചയെ പ്രതിരോധിക്കുന്ന തിനായി ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്നും ഇതിനായി അടിയന്തിരമായി പരിഹരിക്കേണ്ട പദ്ധതികൾക്ക് പ്രാമുഖ്യം നൽകണ മെന്നും അദ്ദേഹം പറഞ്ഞു. അതിർത്തി പങ്കിടുന്ന ഗ്രാമങ്ങളിൽ നിന്നും കർണാടകയി ലേക്ക് വെള്ളം കടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ഇതിനെതിരേ ശക്തമായ നട പടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബു പറഞ്ഞു. പുഴ, തോടുകൾ എന്നിവടങ്ങളിൽ നിന്ന് അനുമതിയില്ലാതെ പൈപ്പുകൾ സ്ഥാപിച്ച് വെള്ളമെടുക്കുന്നത് നിയമ വിരുദ്ധമാണെന്നും ഇതിനെതിരേ ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കണമെന്നും കളക്ടർ പറഞ്ഞു.അടക്കാ കർഷകർ രാത്രി മുതൽ രാവിലെ വരെ മണിക്കൂറുകളോളം തോട്ടങ്ങളിൽ വെള്ളമടിക്കുന്നത് ജലക്ഷാമം രൂക്ഷമാക്കുന്നതായി യോഗത്തിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർ അറിയിച്ചു. ശാസ്ത്രീയമായി കുറച്ചു മാത്രം വെള്ളം മതിയെന്നിരിക്കേ ജലചൂഷണ ത്തിനെതിരേ നടപടി സ്വീകരിക്കാൻ കളക്ടർ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും ഇറി ഗേഷൻ വകുപ്പിനും നിർദേശം നൽകി. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പഞ്ചായ ത്തുകളിൽ കുടിവെള്ള കിയോസ്കുകൾ വർധിപ്പിക്കണമെന്ന് യോഗത്തിൽ അഭിപ്രാ യമുർന്നു. 2016-17 വർഷത്തിൽ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരുന്ന 328 വാട്ടർ കിയോസ്കുകളാണ് നിലവിലുള്ളത്. പുതുതായി 186 കിയോസ്കുകൾ കൂടി അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം സർക്കാർ ഉത്തരവനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടുപയോഗിച്ചാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. വരൾച്ചാ പ്രദേശ മായി സർക്കാർ ഉത്തരവിറക്കിയാൽ മാത്രമാണ് എസ് ഡി ആർ എഫ് ഫണ്ട് ഉപയോ

ഗിക്കാൻ അനുമതിയുള്ളു. കഴിഞ്ഞ വർഷം ചെയ്തതു പോലെ ജി പി എസ് ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് കിലോ മീറ്റർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കളക്ടർ നിർദേശം നൽകി. റോഡു പ്രവർത്തികൾക്കിടയിൽ ജല അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിപ്പോകുന്നത് പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും പരിഹാരം കാണാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകി. യോഗത്തിൽ പി കരുണാകരൻ എംപി, എംഎൽഎമാരായ എൻ എ നെല്ലിക്കുന്ന്, കെ കുഞ്ഞിരാമൻ, സബ് കളക്ടർ അരുൺ കെ വിജയൻ, എ ഡി എം എൻ ദേവിദാസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, ഭരണ നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## ഫോട്ടോ അടിക്കുറിപ്പ്:

വരൾച്ചാ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ കളക്ടറേറ്റിൽ സംഘടിപ്പിച്ച ഉന്നതതല യോഗത്തിൽ മന്ത്രി ഇ ചന്ദ്രശേഖരൻ സംസാരിക്കുന്നു

## കാര്യങ്കോട് -ചീറ്റക്കാൽ കുടിവെള്ള പദ്ധതിയുടെ കിണർ നിലനിർത്തും

നീലേശ്വരം പള്ളിക്കര റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ ചീറ്റക്കാൽ കുടിവെള്ള പദ്ധതിയുടെ കിണർ അതേ സ്ഥലത്ത് നിലനിർത്തുവാനും ആവശ്യമെങ്കിൽ പമ്പ് ഹൗസ് ഉചിതമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാനും തീരുമാനമായി. ജില്ലാകളക്ടർ ഡോ ഡി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ ചേബറിൽചേർന്ന യോഗത്തിലാണ് തീരുമാനമായത് .നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ.കെ.പി.ജയരാജൻ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രൊജക്ട് ഡയറക്ടർ നിർമ്മൽ മാധവ്, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.സുദീപ്, നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.ജെ.കൃഷ്ണൻ, നഗരസഭാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തോട്ടത്തിൽ കുഞ്ഞിക്കണ്ണൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.രാധ എന്നിവർ യോഗത്തിൽ പങ്കെടുത്തു

## കായിക വിദ്യാഭ്യാസ ദേശീയ സെമിനാർ

കാസർകോട് ഗവർമെന്റ് കോളേജ് കായിക വിദ്യാഭ്യാസ വിഭാഗത്തിന്റെ നേതൃത്വത്തിൽ സെന്റർ ഫോർ എക്സ്ലൻസിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായത്തോടെ സ്കൂൾ, കോളേജ് കായികാദ്ധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്കായി മൂന്ന് ദിവസത്തെ ദേശീയ സെമിനാർ സംഘടിപ്പി ക്കുന്നു.കായിക വിദ്യാഭ്യാസ മേഖലയിലെ വീക്ഷണങ്ങളിലെ മാതൃകാപരമായ മാറ്റ ങ്ങൾ എന്ന വിഷയത്തെ അസ്പദമാക്കിയാണ് ഫെബ്രുവരി 28, മാർച്ച് 1,2 തീയതിക ളിൽ കോളേജ് സെമിനാർ ഹാളിൽ സെമിനാർ സംഘടിപ്പിക്കുന്നത്.

ഫെബ്രുവരി 28 ന് രാവിലെ 10 മണിക്ക് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു സെമിനാർ ഉദ്ഘാടനം ചെയ്യും. മുൻ അന്തർ ദേശീയ കബഡി താരം ജഗ ദീശ് കുമ്പള, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഹബീബ് റഹ്മാൻ, കണ്ണൂർ സർവ്വ കലാശാല കായിക വിഭാഗം ഡയറക്ടർ ഡോ.പി.ടി.ജോസഫ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും. തുടർന്ന് പ്രമുഖ കായിക വിദ്യാഭ്യാസ വിദഗ്ദർ ക്ലാസുകൾ നയിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അന്നേ ദിവസം രാവിലെ 9.30 മുതൽ പേര് രജിസ്ട്രർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 9074546866. 8129288871.

## ആർ സി ബുക്ക് നഷ്ടപ്പെട്ടു

നിലവിൽ കണ്ണൂർ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ഉപയോഗ ത്തിലുള്ളതും, കാസർകോട് സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്സ് കൺസർവേറ്ററുടെ ഉടമസ്ഥതയിലുമുള്ളതുമായ കെ.എൽ.14-7005 നമ്പർ മഹിന്ദ്ര ജീപ്പിന്റെ ആർ.സി.ബുക്ക് നഷ്ടപ്പെട്ടു. കണ്ടു കിട്ടുന്നവർ 04994 256910, 9447979152. എന്ന ഫോൺ നമ്പറിലോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ , സാമൂഹ്യ വന വൽക്കരണ വിഭാഗം,താനെ, കണ്ണോത്തുംചാൽ, കണ്ണൂർ- 12 എന്ന വിലാസത്തിലോ അറിയിക്കണം.

## എട്ട് ,പത്ത് ക്ലാസുകളിലേക്ക് പ്രവേശനം

കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെൺകുട്ടികൾ മാത്രം താമസിച്ചു പഠിക്കുന്ന ജി ആർ എഫ് ടി എച്ച് എസ് ഫോർ ഗേൾസിലെ അടുത്ത അദ്ധ്യായന വർഷത്തിലെ 8,10 ക്ലാസ്സിലേക്ക് അംഗീകൃത മത്സ്യത്തൊഴിലാളി

കളുടെ പെൺമക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.അപേക്ഷ ഫോറത്തിനായി സ്കൂളുമായി ബന്ധപ്പെടുക. ഫോൺ നമ്പർ -0467 2203946

## ഹജ്ജ്: സാങ്കേതിക ക്ലാസ്സുകർ 28 മുതൽ

ഈ വർഷം സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നവർക്കുള്ള ഒന്നാം ഘട്ട സാങ്കേതിക ക്ലാസ്സുകൾ ജില്ലയിൽ വിവിധ കേന്ദ്രങ്ങളിലായി ഫെബ്രുവരി 28, മാർച്ച് 2 തീയ്യതികളിൽ നടക്കും. ഈ വർഷത്ത ഹജ്ജിന് അവസരം ലഭിച്ചവരും വെയിറ്റിംഗ് ലിസ്റ്റിൽ 1 മുതൽ 1000 വരെ ക്രമനമ്പറുകളിലുൾപ്പെട്ടവരും അതാത് ഏരിയകളിലെ ക്ലാസ്സുകളിൽ പങ്കെടുക്കണം. ഫെബ്രുവരി 28 ന് രാവിലെ 9.30 ന് ജില്ലാതല ഉദ്ഘാടനം കാസർകോട് ചെർക്കള ഐമാക്സ് ഓഡിറ്റോറിയത്തിൽ സംസ്ഥാന ഹജ്ജ് കമ്മറ്റി ചെയർമാൻ സി.മുഹമ്മദ് ഫൈസി നിർവ്വഹിക്കും. മഞ്ചേശ്വരം, കാസർകോട് മണ്ഡലങ്ങളിലെയും ഉദുമ മണ്ഡലത്തിലെ ബേക്കലിന് വടക്ക് പ്രദേശത്തുള്ള ഹാജിമാരുമാണ് ചെർക്കളയിലെ ക്ലാസ്സിൽ പങ്കെടുക്കേണ്ടത്.തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് മണ്ഡലങ്ങളിലെയും ഉദുമ മണ്ഡലത്തിലെ ബേക്കലിന് തെക്കുള്ള ഹാജിമാർ മാർച്ച് രണ്ടിന് രാവിലെ 9 മണിക്ക് കാഞ്ഞങ്ങാട് പുതിയകോട്ട ടൗൺ ഹാളിന് സമീപത്തുള്ള മദ്രസ്സയിൽ നടക്കുന്ന ക്ലാസിൽ പങ്കെടുക്കണം. ക്ലാസ്സിന് വരുമ്പോൾ കവർ നമ്പർ, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ (പിറകിൽ കവർ നമ്പറും പേരും എഴുതണം), ഹജ്ജ് അപേക്ഷയുടെ കോപ്പി അല്ലെങ്കിൽ പാസ്സ്പോർട്ടിന്റെ കോപ്പി എന്നിവ കൊണ്ടുവരണം. കോപ്പിയുടെ പിറകു വശത്ത് ബ്ലഡ് ഗ്രൂപ്പ്, മൊബൈൽ ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്കും സേവനങ്ങൾക്കുമായി ജില്ലാ ട്രയിനർ അമാനുള്ളാഹ്.എൻ.കെ (9446111188). ഉപ്പള മേഖല: സി.ഇ.ഖാദർ മാസ്റ്റർ (9446411353), പി.എം.മുഹമ്മദ് (9895500073), കുമ്പള മേഖല: സുലൈമാൻ കരിവെള്ളൂർ (9496709775), പി.എം.മുഹമ്മദ് ഹനീഫ് (9400440035), കാസർകോട് മേഖല (എം.അബ്ദുൽ റസാഖ് (9388454747), ചെർക്കള മേഖല: സിറാജുദ്ദീൻ.ടി.കെ.(9447361652), ബഷീർ പൊവ്വൽ (9847142338), ഉദുമ മേഖല: സി.ഹമീദ് ഹാജി (9447285759), ചിത്താരി, കാഞ്ഞങ്ങാട് കിഴക്കൻ മേഖലകൾ: എം.ടി.അഷ്റഫ് (9496143420), സത്താർ.കെ,.പി (9605035135), കാഞ്ഞങ്ങാട് മേഖല: ഹമീദ് കുണിയ (9447010444), പടന്ന, ചെറുവത്തൂർ, വലിയ പറമ്പ മേഖല: എ.പി.പി.കുഞ്ഞമ്മദ് (9400460404), ഇ.കെ.അസ്ലം (9961501702) തൃക്കരിപ്പൂർ മേഖല: : എം.ഇബ്രാഹി (9447020830), കെ.മുഹമ്മദ് കുഞ്ഞി ( 9447878406) എന്നിവരുമായും സംസ്ഥാന ഹജ്ജ് കമ്മറ്റിയുടെ മാസ്റ്റർ ട്രൈനർ സൈനുദ്ദീൻ.എൻ.പി.(9446640644) യുമായും ബന്ധപ്പെടണം.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും

കാസർകോട് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ചെറുകിട വ്യവസായ സംരംഭകർ എടുത്തിട്ടുള്ള മാർജിൻ മണി വായ്പ, കുടിശ്ശിക തീർത്ത് വായ്പ കണക്ക് തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഏപ്രിൽ 30 വരെയാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുക. ഈ പദ്ധതി പ്രകാരം പിഴപലിശ പൂർണ്ണമായും ഒഴിവാക്കിയും പലിശയുടെ 50 ശതമാനവും മുതലും ഒറ്റത്തവണയായി അടച്ച് കുടിശ്ശിക തീർപ്പാക്കാം. ഇതിനായി കുടിശ്ശികക്കാർ കാസർകോട് വിദ്യാനഗറിലുള്ള ജില്ലാ വ്യവസായ കേന്ദ്രത്തെ സമീപിക്കണം. മുഴുവൻ കുടിശ്ശികക്കാരും ഈ പദ്ധതിയാനുകൂല്യം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

## മത്സര പരീക്ഷ മാർച്ച് രണ്ടിന്

പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അഞ്ചാം ക്ലാസിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സര പരീക്ഷ മാർച്ച് രണ്ടിന് രാവിലെ പത്തിന് സ്കൂളിൽ നടത്തും. അന്നേ ദിവസം ഉച്ചയ്ക്ക് രണ്ട് മണിക്ക് അയ്യങ്കാളി സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷയും, നടത്തും.

## സൗജന്യ ഗ്യാസ് കണക്ഷൻ നൽകും

നിലവിൽ ഗ്യാസ് കണക്ഷനില്ലാത്ത കാഞ്ഞങ്ങാട് നഗരസഭാ പരിധിയിലുള്ള ബി.പി.എൽ., എസ്.സി, എസ്.ടി., പി.എം.എ.വൈ. ഗുണഭോക്താക്കൾ എന്നിവർക്ക് സൗജന്യമായി ഗ്യാസ് കണക്ഷൻ നൽകും.കാഞ്ഞങ്ങാട് നഗരസഭ മഡോണ ഗ്യാസ് ഏജൻസിയും കുടുംബശ്രീയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.ഒറ്റ സിലിണ്ടർ കണക്ഷനും സ്റ്റൗവും ആണ് ഇതിന്റെ ഭാഗമായി ലഭിക്കുക.റേഷൻ കാർഡ്,റേഷൻ കാർഡിൽ ഉൾപ്പെട്ട 18 പൂർത്തിയായ എല്ലാവരുടേയും ആധാർ കാർഡ്, അപേക്ഷകന്റെ ബാങ്ക് പാസ് ബുക്ക് കോപ്പി, 2 പാസ്പോർട്ട് സൈസ് ഫോട്ടോ തുടങ്ങിയ രേഖകൾ സമർപ്പിക്കണം.താൽപ്പര്യമുള്ളവർ ഈ രേഖകളുമായി മാർച്ച് ഒന്നിന് രാവിലെ 10.30 ന് കാഞ്ഞങ്ങാട് കണ്ണൻ നായർ പാർക്കിൽ ഹാജരാവണം.

## വെക്കേഷൻ ഫോസ്റ്റർ കെയർ അപേക്ഷ ക്ഷണിച്ചു

കാസർകോട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സംരക്ഷണത്തിൽ അംഗീകൃത ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിച്ചു വരുന്ന കുട്ടികളെ മദ്ധ്യവേനൽ അവധിക്കാലത്ത് പോറ്റി വളർത്താൻ താൽപര്യമുള്ള രക്ഷിതാക്കളിൽ

നിന്നും അപേക്ഷ ക്ഷണിച്ചു. സ്വന്തം കുടുംബത്തിൽ വളരുവാൻ സാഹചര്യമില്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചുവരുന്ന കുട്ടികൾക്ക് കുടുംബാന്തരീക്ഷത്തിൽ സുരക്ഷിതമായി വളരുവാൻ സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെലക്ഷ്യം.വനിതാ ശിശുവികസന വകുപ്പിലെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്,ചൈൽഡ്‌വെൽഫെയർ കമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് വെക്കേഷൻ ഫോസ്റ്റർകെയർ പദ്ധതി നടപ്പിലാക്കുന്നത്. ചൈൽഡ്‌വെൽഫെയർ കമ്മിറ്റിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്ന അഞ്ചു വയസ്സിനു മുകളിൽ പ്രായമുള്ള ആൺകുട്ടികളെയും പെൺകുട്ടികളെയും ഈ പദ്ധതി പ്രകാരം സ്കൂൾ വെക്കേഷൻ അവധിക്കാലമായ ഏപ്രിൽ, മെയ് മാസങ്ങളിൽ അപേക്ഷകരുടെ വീട്ടിൽ പോറ്റി വളർത്താൻ നൽകും. സംരക്ഷിക്കാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള കുട്ടികളില്ലാത്ത ദമ്പതികൾ കുട്ടികളുള്ള രക്ഷിതാക്കൾ എന്നിവർക്ക് പദ്ധതിപ്രകാരം അപേക്ഷിക്കാം. ഒന്നിലധികം കുട്ടികളെ സംരക്ഷിക്കാൻ സന്നദ്ധരായവർക്ക് മുൻഗണന നൽകും.താൽപര്യമുള്ളവർ മാർച്ച് ഒൻപതിനകം കാസർകോട് വിദ്യാനഗർ -സിവിൽസ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.. ഫോൺ: 04994 256990

**(തുടരും)**